ശക്തമായ എതിർപ്പും പ്രക്ഷോഭവുംമൂലം പദ്ധതിയുടെ പ്രവർത്തനം ഏതാണ്ട് നിർത്തിവച്ച അവസ്ഥയിലായിരുന്നു. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങൾക്കുള്ള ആശങ്കയും പൈപ്പിടൽ നടപടികൾക്കായി വിട്ടുനൽകേണ്ടി വരുന്ന ഭൂമിയുടെ ന്യായവില സംബന്ധിച്ചുള്ള തർക്കവുമാണ് ജനങ്ങളുടെ എതിർപ്പിന് കാരണമായിട്ടുള്ളത്. ഒരു ഘട്ടത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും GAIL പിന്മാറുമെന്ന അവസ്ഥവരെയുണ്ടായി. എന്നാൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാവുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ഉത്തമ ബോധ്യമുള്ളതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ പരിശ്രമ ഫലമായി GAIL-നെ അനുനയിപ്പിക്കുന്നതിൽ വിജയിക്കുകയും പദ്ധതിയുമായി മുന്നോട്ട് പോകുവാൻ GAIL സമ്മതിക്കുകയും ചെയ്തു.

ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഗെയിൽ അധികൃതർ നേരിട്ടും സർക്കാർ വകുപ്പുകൾ വിവിധ NGO-കൾ മുഖാന്തിരവും നിരന്തരം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് പദ്ധതിയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക അകറ്റുവാൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൈപ്പ് ലൈൻ കടന്നുപോകുന്ന 7 ജില്ലകളിലെ കളക്ടർമാർ, ഗെയിൽ, പെട്രോനെറ്റ് LNG എന്നിവയിലെ പ്രതിനിധികൾ, പ്ലാനിംഗ് ബോർഡ് അംഗം ശ്രീ. ജി. വിജയരാഘവൻ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയം യോഗം ചേരുകയും പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സമിതിയുടെ പ്രവർത്തനഫലമായി പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## നബാർഡും സഹകരണ മേഖലയും

**12 (*42)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :



LIBRARY ARCHIVES Kerala Legislative Assembly

(എ) നബാർഡിന്റെ പ്രവർത്തനം സഹകരണമേഖലവഴി സമൂഹത്തിൽ സഹായമെത്തിക്കുന്നതിൽ എത്രത്തോളം സഹായമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിലപാടുകൾ നബാർഡ് നൽകിവരുന്ന ഏതെങ്കിലും പദ്ധതികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ തുടരുന്നത് അസാദ്ധ്യമാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംസ്ഥാനത്തെയും സഹകരണ മേഖലയെയും ഏത് തരത്തിൽ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഇത് തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) സംസ്ഥാനത്തെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നതിന് നബാർഡിൽ നിന്നും റീ-ഫിനാൻസ് വ്യവസ്ഥയിൽ സംസ്ഥാന സഹകരണ ബാങ്കിന് വായ്പ നൽകുന്നുണ്ട്. കൂടാതെ മൈനർ ഇറിഗേഷൻ, ഡയറി ഡെവലപ്മെന്റ്, ഹോർട്ടികൾച്ചർ, ഭൂവികസനം ഉൾപ്പെടെയുള്ള കാർഷിക ആവശ്യങ്ങൾക്കും മറ്റ് കാർഷികേതര ആവശ്യങ്ങൾക്കും സംസ്ഥാന/ജില്ലാ ബാങ്കുകൾ മുഖേന വായ്പ നൽകുന്നതിലൂടെ സാമൂഹ്യ-സാമ്പത്തിക പുരോഗതി സഹകരണ മേഖലവഴി കൈവരിക്കുന്നതിന് സഹായകരമാകുന്നുണ്ട്. ദീർഘകാല വായ്പാ മേഖലയിൽ കാർഷിക/ കാർഷികേതര വായ്പക്കാവശ്യമായ ധനസഹായത്തിൽ ഭൂരിഭാഗവും നബാർഡ് മുഖേനയാണ് ലഭിക്കുന്നത്. കൂടാതെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കി ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ആസ്തി വികസനം നടത്തുന്നതുമൂലം സഹകരണ ആശുപത്രികൾ അടക്കമുള്ള മേഖലയിലെ സംഘങ്ങളുടെ വികസനം സാധ്യമാകുന്നുണ്ട്. കാർഷിക/ കാർഷികേതര/ബാങ്കിംഗ് മേഖലകളിലെയും സ്വാശ്രയ ഗ്രൂപ്പുകളുടെയും പ്രവർത്തനത്തിന് കേരളത്തിലെ സഹകരണ മേഖലവഴി ലഭ്യമാകുന്ന സഹായം സമൂഹത്തിൽ ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഉണ്ടായിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly